അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ശ്രീബലി

തിരുവനന്തപുരം: മകരസംക്രാന്തിയും ഉത്തരായണാരംഭവും പ്രമാണിച്ച് ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ ഇന്ന് രാത്രി 8.30 ന് ശ്രീബലി നടക്കും. മാർഗഴി കളഭാഭിഷേകത്തിന്റെ അവസാനദിവസമാണ് ഇന്ന്. ശ്രീപദ്മനാഭസ്വാമിയുടെയും നരസിംഹമൂർത്തിയുടെയും തിരുവമ്പാടി ശ്രീകൃഷ്ണസ്വാമിയുടെയും വിഗ്രഹങ്ങൾ ഗരുഡവാഹനത്തിലാണ് എഴുന്നള്ളിക്കുക. ഒപ്പം വലിയ കാണിക്കയുമുണ്ടാകും.

ചൂഴമ്പാല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ മകരവിളക്ക് മഹോത്സവം

തിരുവനന്തപുരം: ചൂഴമ്പാല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ മകരവിളക്ക് പ്രമാണിച്ച് ഇന്ന് പ്രത്യേക പൂജ നടക്കും. രാവിലെ 9 ന് കളഭാഭിഷേകം, 1 ന് അന്നദാനം, വൈകിട്ട് 6.30 ന് മകരവിളക്ക് പൂജയും ദീപാരാധനയും, 8 ന് പുഷ്പാഭിഷേകം തുടർന്ന് നടയടയ്ക്കും. മകരവിളക്ക് പ്രമാണിച്ച് കഴിഞ്ഞ മൂന്ന് ദിവസമായി നടന്ന ഉത്സവപരിപാടികൾ ഇന്ന് സമാപിക്കും. കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന ശ്രീധർമ്മശാസ്താ ക്ഷേത്രങ്ങളിലൊന്നാണിത്.

ഒരുവാതിൽകോട്ട ശ്രീദുർഗാ ഭഗവതി ക്ഷേത്രം

തിരുവനന്തപുരം : ഒരുവാതിൽകോട്ട ശ്രീദുർഗാ ഭഗവതി ക്ഷേത്രത്തിലെ മകര പൊങ്കാല മഹോത്സവം 15ന് രാവിലെ 7ന് നടക്കും. പ്രതിഷ്ഠാ മഹോത്സവം 27ന് രാവിലെ ആറിന് ഗണപതിഹോമം, ഏഴിന് കലശപൂജ, 10.30ന് പൊങ്കാല, ഉച്ചയ്ക്ക് 12.30 ന് അന്നദാനം, വൈകിട്ട് 6.30ന് അലങ്കാര ദീപാരാധന, തുടർന്ന് 7.15ന് സമൂഹവിശേഷാൽ പൂജ എന്നിവ നടത്തുന്നതാണ്.

മുടുമ്പിൽ ശാസ്താക്ഷേത്രം

തിരുവനന്തപുരം : ചാക്ക ബൈപാസ് മുട്ടമ്പിൽ ശാസ്താക്ഷേത്രത്തിലെ മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഇന്ന് രാവിലെ 5 ന് ഗണപതിഹോമം, 6.30 ന് നവകാഭിഷേകം, 7.30 ന് ഉഷപൂജ, ഉച്ചയ്ക്ക് 12 ന് കഞ്ഞിസദ്യ. ഉച്ചയ്ക്ക് 1.47 ന് മകരസംക്രമപൂജ, വൈകിട്ട് 6.30 ന് അലങ്കാര ദീപാരാധന, വിശേഷാൽപൂജ, 7ന് പടിപൂജ, 8.30 ന് അത്താഴപൂജ എന്നിവ നടക്കും. ക്ഷേത്രതന്ത്രി ശാസ്താമണിപോറ്റി മുഖ്യകാർമ്മികത്വം വഹിക്കും.

ഐ.ടി പാർക്ക് തുടങ്ങണം

തിരുവനന്തപുരം : സർക്കാരും തിരുവനന്തപുരം ലത്തീൻ അതിരൂപതയും ചേർന്ന് സ്വരൂപിച്ച ഓഖി ദുരിതാശ്വാസഫണ്ട് പയോഗിച്ച് മുട്ടത്തറയിൽ ഐ.ടി പാർക്ക് സ്ഥാപിക്കണമെന്ന് ശംഖുമുഖം ബീച്ച് വികസന സംരക്ഷണ സമിതി സെക്രട്ടറി ജോൺ ബോസ്കോ ഡിക്രൂസ് ആവശ്യപ്പെട്ടു.

പ്രാർത്ഥനാ മന്ദിരത്തിൽ ലക്ഷാർച്ചന

തിരുവനന്തപുരം: ജി. എസ്. ബി മഹാസഭയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിന് തെക്കുവശത്തുള്ള ശ്രീ നരസിംഹം വിലാസം പ്രാർത്ഥനാ മന്ദിരത്തിൽ 14 ന് ലക്ഷാർച്ചന നടത്തും. രാവിലെ 7 ന് തുടങ്ങുന്ന ലക്ഷാർച്ചനയ്ക്ക് പുറക്കാട് രതീഷ് വാദ്യരും സഞ്ജയ് ഭട്ടും കാർമികത്വം വഹിക്കും.

റോഡ് ഇടിഞ്ഞു; യാത്രക്കാർ ഭീതിയിൽ

◗സ്വന്തം ലേഖകൻ

മലയിൻകീഴ്: വിളപ്പിൽ പഞ്ചായത്തിലെ ചെറുകോട് - കരിമ്പാണ്ടി റോഡ് ഇടിഞ്ഞ് താണ് മാസങ്ങൾ കഴിഞ്ഞിട്ടും ഗതാഗതയോഗ്യമാക്കാൻ അധികൃതർ തയ്യാറാകുന്നില്ല.

ഇക്കഴിഞ്ഞ മഴക്കാലത്താണ് റോഡ് ഇടിഞ്ഞത്. ഇതോടെ പ്രദേശവാസികളുടെ സഞ്ചാരം ദുരിതത്തിലായി. വാഹന ഗതാഗതം നിറുത്തി വച്ചതൊഴിച്ചാൽ മറ്റ് നടപടികളൊന്നുമുണ്ടായില്ല. അപകടമുണ്ടായ സമയത്ത് ജനപ്രതിനിധികളുടക്കം സ്ഥലം സന്ദർശിച്ച് അടിയന്തരമായി റോഡ് പുനർനിർമിക്കുമെന്ന് ജനങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നു. സ്കൂൾ ബസ് ഉൾപ്പെടെ നിരവധി വാഹനങ്ങൾ കടന്നുപോയിരുന്ന റോഡിൽ ഇപ്പോൾ ജീവൻ പണയപ്പെടുത്തിയാണ് ഇരുചക്രവാഹനങ്ങളും സ്വകാര്യവാഹനങ്ങളും സഞ്ചരിക്കുന്നതെന്ന് നാട്ടുകാർ പറയുന്നു. റോഡ് അപകടത്തിലായതോടെ ആദിവാസി മേഖലയായ ചെറുകോട് പ്രദേശത്തുള്ളവരും സർക്കാർ ജീവനക്കാരും വിദ്യാർത്ഥികളും ഉൾപ്പടെയുള്ളവർ നാല് കിലോമീറ്റർ നടന്ന് വിളപ്പിൽശാല എത്തിയാണ് ബസ് യാത്ര ചെയ്യുന്നത്. അടിയന്തരമായി റോഡ് പുനർനിർമിച്ച് യാത്രാസൗകര്യം ഒരുക്കണമെന്നതാണ് നാട്ടുകാരുടെ ആവശ്യം.

തകർന്ന കിടക്കുന്ന ചെറുകോട് - കരിമ്പാണ്ടി റോഡ്

സീനിയർ സിറ്റിസൺസ് ഫോറം ഭാരവാഹികൾ

തിരുവനന്തപുരം: പട്ടം ആദർശ് നഗർ സീനിയർ സിറ്റിസൺസ് ഫോറം ഭാരവാഹികളായി എസ്. ഭാസ്കരൻനായർ - പ്രസിഡന്റ്, ജോൺ ടി. മാത്യു - വൈസ് പ്രസിഡന്റ്, ബി. ശ്രീകുമാർ - സെക്രട്ടറി, ഡിക്സൺ സാമുവൽ - ട്രഷറർ, എം. ശശിധരൻനായർ, ടി. കൃഷ്ണകുമാരി അമ്മ, കെ.വി. വേണുഗോപാലൻനായർ, കെ.എം. കോശി, വി.എസ്. സദാശിവൻനായർ - പ്രവർത്തക സമിതി അംഗങ്ങൾ എന്നിവരെ തിരഞ്ഞെടുത്തു.

നവതി ആഘോഷിച്ച ജി.ശ്രീധരൻനായർ, കെ.എം. സയ്ദ് മുഹമ്മദ്, കെ. മാധവൻപിള്ള എന്നിവരെ വാർഷിക പൊതുയോഗം ആദരിച്ചു.

പേട്ട ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന കേരളകൗമുദി റസിഡന്റ്സ് അസോസിയേഷന്റെ ക്രിസ്മസ്- പുതുവർഷാഘോഷത്തിന്റെ ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു. കേരളകൗമുദി ചീഫ് എഡിറ്റർ എം. എസ്. രവി, ഡോ. ആർ. പ്രകാശം, എസ്. എഡിസൻ, കൗൺസിലർ ഡി. അനിൽകുമാർ, ജി. ശശിധരൻ എന്നിവർ സമീപം

ഭാരവാഹികൾ

തിരുവനന്തപുരം : ശാസ്തമംഗലം മരുതൻകുഴിറോഡ് റസിഡന്റ്സ് വെൽഫെയർ അസോസിയേഷൻ ഭാരവാഹികളായി പി. എൽ. ജോസ് (പ്രസിഡന്റ്), കെ. രാജഗോപാൽ (സെക്രട്ടറി), ജെ. എൻ. രമണി, കെ. വി. സതീഷ്കുമാർ (വൈസ് പ്രസിഡന്റുമാർ), കെ. ബി. എൻ. ഉണ്ണിത്താൻ, പുഷ്പലതാ മോഹൻ (ജോയിന്റ് സെക്രട്ടറിമാർ), ഡി. യതീന്ദ്രാനന്ദൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3,9,10

കോട്ടയ്ക്കകം കുതിരമാളികയിൽ നടക്കുന്ന സ്വാതി സംഗീതോത്സവത്തിൽ സഞ്ജയ് സുബ്രഹ്മണ്യൻ അവതരിപ്പിച്ച സംഗീതക്കച്ചേരി - ഫോട്ടോ: സുഭാഷ്കുമാറപുരം

എമർജൻസി മെഡിസിൻ സ്പെഷ്യലിസ്റ്റ് അസോസിയേഷൻ ഇ.എം.എയുടെ കേരള സ്റ്റേറ്റ് ചാപ്ടർ സമ്മേളനം ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി. നായർ ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്ന് വിവിധ ഇനങ്ങളിൽ എ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾ. എച്ച്.എസ് വിഭാഗം - വയലിൻ (പാശ്ചാത്യം), കഥകളി സംഗീതം - ആഭ.എ.എം, രേവതി ശർമ്മ - ശാസ്ത്രീയ സംഗീതം. ദ്യുതി റോബിൻ - പദ്യം ചൊല്ലൽ (ഇംഗ്ലീഷ്), പ്രസംഗം ഇംഗ്ലീഷ്. ഗൗരി.സി.വി - പാഠകം (സംസ്കൃതം), പ്രഭാഷണം (സംസ്കൃതം). ആദിത്യ എസ്. നായർ - കവിതാരചന (സംസ്കൃതം). ഗോപികകൃഷ്ണ - കഥാരചന (സംസ്കൃതം). അലീന .എം.എച്ച് - സമസ്യാപൂരണം (സംസ്കൃതം). ദർശന - പ്രശ്നോത്തരി (സംസ്കൃതം). എച്ച് എസ് എസ് വിഭാഗം - ദിയാ റോബിൻ - പ്രസംഗം (ഇംഗ്ലീഷ്). അലീന ഷനൈൻ - വയലിൻ (പൗരസ്ത്യം). പൂജ .എൻ.ജെ - ശാസ്ത്രീയ സംഗീതം. ലക്ഷ്മി ആർ. മോഹൻ - കവിതാരചന. കാവ്യ എം. രാജ് - ലളിതഗാനം.

ഇന്ന് മകരജ്യോതി

ഭക്ത സഹസ്രങ്ങൾക്ക് ആത്മനിർവൃതി പകരുന്ന മകരജ്യോതി ഇന്ന് തെളിയും. ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ പ്രസിദ്ധമായ ഉത്സവമാണ് മകരവിളക്ക്. മകരസംക്രമസന്ധ്യയിൽ പൊന്നമ്പലമേട്ടിൽ തെളിയുന്ന മകര ജ്യോതിദർശിക്കാൻ ലക്ഷക്കണക്കിന് ഭക്ത ജനങ്ങളാണ് ഇന്ത്യയുടെ നാനാഭാഗത്തു നിന്നും എത്തുന്നത്. അന്നേദിവസം ക്ഷേത്രത്തിൽ നടക്കുന്ന ദീപാരാധന വളരെ വിശേഷപ്പെട്ടതാണ് ഈ ദീപാരാധനയോടൊപ്പമാണ് മകരവിളക്കും തെളിയുന്നത്. മുന്നപ്രാവശ്യം തെളിയുന്ന മകരജ്യോതി ദർശിക്കുന്നത് ജന്മപുണ്യമായി കരുതുന്ന ഭക്തജനങ്ങൾ മകരജ്യോതി കണ്ട് സായുജ്യമടയാൻ മണിക്കൂറുകളാണ് ക്ഷേത്രപരിസരത്തെ വിവിധ സ്ഥലങ്ങളിൽ കാത്തു നിൽക്കുന്നത്. മകരജ്യോതി ദർശനവേളയിൽ ഉയരുന്ന ശരണം വിളികൾ കൊണ്ട് മുഖരിതമാകുന്ന അയ്യപ്പ സന്നിധിയിൽ സന്നിഹിതനാകുന്ന ഏതൊരു ഭക്തനും അവാച്യമായ അനുഭൂതിയാണ് അനുഭവപ്പെടുക.

ഭക്ത സഹസ്രങ്ങൾക്ക് ആത്മനിർവൃതി പകരുന്ന മകരജ്യോതി ഇന്ന് തെളിയും.
മകരജ്യോതി ദർശിക്കുന്നത് ജന്മപുണ്യമായി കരുതുന്ന ഭക്തജനങ്ങൾ
മകരജ്യോതി കണ്ട് സായുജ്യമടയാൻ മണിക്കൂറുകളാണ്
ക്ഷേത്രപരിസരത്തെ വിവിധ സ്ഥലങ്ങളിൽ കാത്തുനിൽക്കുന്നത്.

NARAYANAGURU COLLEGE OF ENGINEERING

An ISO 9001-2008 Certified Institution
Approved by AICTE and Affiliated to Anna University, Chennai.

Manjalumoodu P.O, (Via) Karakonam / Kuzhithurai, Kanyakumari Dist – 629151
Telephone: 04651-305000, 305001, 305002 Cell : 9400960010, 9400980010
Email: info@ngce.ac.in , chairman@ngce.ac.in, Web: www.ngce.ac.in



Interest Rates | Manufacturing sector : 10.5% | Service sector : 11%

Loans for: New units and for expansion or modernisation of Hospitals, Hotels, Industrial Units, etc. (upto 90% of project cost)
Max. Loan Limit: Rs. 20 Crores for Companies/ Societies/Corporations and Rs. 8 crores for others.

Avail Special Packages for: Innovative Projects | Projects using state-of-the-art technologies | Project with new technology | Projects promoted by SCs/STs | Projects promoted and operated by women | Energy Saving Projects | Projects promoted by Young and Educated | First-Time Entrepreneurs

Head Office: Vellayambalam, Thiruvananthapuram, Kerala - 695 033, India
Call us: +91 471 2737640/2737576/2737500
Fax: +91 471 2311750 Email: info@kfc.org
KFC Kerala Financial Corporation — we finance your dream.
Visit us: www.kfc.org

ധനആകർഷണഭൈരവയന്ത്രം

സാമ്പത്തിക വിഷമങ്ങൾ, കടം, ശത്രുദോഷം, രോഗം ഇവമാറി ഐശ്വര്യവർദ്ധനവും, ധനവും, വശീകരണവും ലഭിക്കുന്നതിന് ലോകപ്രശസ്ത ജ്യോതിശാസ്ത്ര പണ്ഡിതൻ ഡോ.ആറ്റുകാൽ രാധാകൃഷ്ണൻ (Asianet) ശത്രുസംഹാരപൂജ നടത്തി ധനആകർഷണ ഭൈരവയന്ത്രം ശാസ്ത്രീയമായി തയ്യാർ ചെയ്യുന്നു.
ജാതകം, പ്രശ്നം, മുഹൂർത്തം, ഭാവിഫലം, വാസ്തുദോഷ പരിഹാരങ്ങൾ, അപൂർവ്വ ശക്തിയുള്ള മാന്ത്രിക ഏലസ്സുകൾ ഇവയ്ക്ക് നേരിൽ കാണുക/എഴുതുക.

രമാ ജ്യോതിഷാലയം, ആറ്റുകാൽ
മണക്കാട് പി.ഒ., തിരുവനന്തപുരം-695 009, കേരളം
www.attukalradhakrishnan.org, ഫോൺ: 0471 2458888, 2458484

SK HOSPITAL
Touching Human Lives
Edappazhanji, Thiruvananthapuram
Ph: 0471-3022222

വൃത്തിയുള്ള പരിസരം എന്നത് ലക്ഷ്യം നമുക്ക് പ്രാപ്യമാണ്

- മാലിന്യങ്ങൾ ഉവിടങ്ങളിൽതന്നെ (വീടുകൾ, ഓഫീസ്, കടകൾ, ചന്ത, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയവ) തരംതിരിച്ച് സംഭരിക്കുക.
- ചീയുന്നതും അല്ലാത്തതുമായ മാലിന്യങ്ങൾ വെവ്വേറെ സംഭരിക്കുക
- ഖരമാലിന്യങ്ങൾ പ്ലാസ്റ്റിക്ക് സഞ്ചികളിൽ കെട്ടിയോ അല്ലാതെയോ നിരത്തിലും പൊതുസ്ഥലങ്ങളിലും ഓടകളിലും ജലാശയങ്ങളിലും ഉപേക്ഷിക്കുന്നത് ഒഴിവാക്കുക. അങ്ങനെ ചെയ്യുന്നവരെ നിരുത്സാഹപ്പെടുത്തുക; എന്നിട്ടും, ചെയ്യുന്നവരെക്കുറിച്ച് പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ കോർപ്പറേഷനോ വിവരം നൽകുക.
- പ്ലാസ്റ്റിക്, കടലാസുകൾ, റബ്ബർ, ഗ്ലാസ്, ലോഹം തുടങ്ങിയ അഴുകാത്തതും പുനരുപയോഗ്യവുമായ വസ്തുക്കൾ പ്രത്യേകം ശേഖരിച്ച് അത് കൈകാര്യം ചെയ്യുന്നവർക്ക് നൽകുക.
- ജൈവജീർണ്ണ സാധ്യതയുള്ള മാലിന്യങ്ങൾ വളമാക്കി മാറ്റുകയോ ബയോഗ്യാസ് ഉല്പാദനത്തിന് ഉപയോഗിക്കുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേർപ്പെടുത്തുന്ന പൊതുസംവിധാനത്തിലെത്തിക്കുകയോ ചെയ്യുക.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം